# Visit of External Affairs Minister Dr. S. Jaishankar to Kuwait (June 9-11, 2021)

June 08, 2021

---

**വിദേശകാര്യാമന്ത്രി ഡോ.എസ് ജയശങ്കറിന്റെ കുവൈറ്റ് സന്ദർശനം (ജൂൺ 9-11, 2021)**

ജൂൺ 08, 2021

കുവൈറ്റ് വിദേശകാര്യ മന്ത്രിയും കാബിനറ്റ് കാര്യ സഹമന്ത്രിയും ആയ ഷെയ്ഖ് (ഡോ) അഹമ്മദ് നാസർ അൽ മുഹമ്മദ് അൽ സബയുടെ ക്ഷണപ്രകാരം വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ 2021 ജൂൺ 9-11 തിയ്യതികളിൽ കുവൈറ്റ് സന്ദർശിക്കും. വിദേശകാര്യ മന്ത്രിയായതിനു ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണിത്. സന്ദർശന വേളയിൽ ഉന്നതതല യോഗങ്ങൾ നടത്തുകയും കുവൈത്തിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും. കൂടാതെ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയിൽ നിന്നുള്ള ഒരു വ്യക്തിഗതമായ കത്ത് കുവൈത്തിലെ അമീറിന് കൈമാറുകയും ചെയ്യുന്നതാണ്.

2021-22 വർഷം ഇന്ത്യയും കുവൈത്തും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 60-ാം വാർഷികം ആഘോഷിക്കുകയാണ്. ഇന്ത്യയും കുവൈത്തും തമ്മിലുള്ള പരമ്പരാഗതമായി ഊഷ്മളവും ദൃഢവുമായ ഉഭയകക്ഷി ബന്ധം ശക്തമായ വ്യക്തിഗത ബന്ധത്തിന്റെ സവിശേഷതയോടു കൂടിയതാണ്. പത്ത് ലക്ഷത്തോളം ഇന്ത്യക്കാരാണ് കുവൈത്തിൽ താമസിക്കുന്നത്. കുവൈത്തിലെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ ഒന്നാണ് ഇന്ത്യ, കുവൈത്ത് ഇന്ത്യയ്ക്ക് എണ്ണ വിതരണം ചെയ്യുന്നവരിൽ പ്രധാന രാജ്യമാണ്.

അടുത്ത സമയങ്ങളിൽ, ഇന്ത്യയിലെ കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിനെതിരെ പോരാടുന്നതിന്, ഇന്ത്യയെ സഹായിക്കാൻ ഒരു എയർ / സീ ബ്രിഡ്ജ് സ്ഥാപിച്ച് ഇന്ത്യയിലേക്ക് ദ്രാവക മെഡിക്കൽ ഓക്സിജന്റെ സുസ്ഥിരവും വിശ്വസനീയവുമായ ലഭ്യത ഉറപ്പാക്കുന്നതിനും കുവൈറ്റ് സർക്കാർ മുൻപന്തിയിലുണ്ടായിരുന്നു.

നേരത്തെ, കുവൈത്ത് വിദേശകാര്യ മന്ത്രിയും കാബിനറ്റ് കാര്യ സഹമന്ത്രിയുമായ ഷെയ്ഖ് (ഡോ) അഹമ്മദ് നാസർ അൽ മുഹമ്മദ് അൽ സബാ 2021 മാർച്ച് 17 - 18 ഇന്ത്യ സന്ദർശിച്ചിരുന്നു. സന്ദർശന വേളയിൽ, ഇരു രാജ്യങ്ങളിൽ നിന്നുമായി വിദേശകാര്യ മന്ത്രിമാരുടെ തലത്തിലുള്ള ഒരു സംയുക്ത കമ്മീഷൻ നടപ്പിലാക്കാൻ അവർ അനുകൂലിച്ചു.

**ന്യൂ ഡൽഹി**
**ജൂൺ 8, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.